"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ് – പനമരം ഗ്രാമപഞ്ചായത്തിലെ അമ്മാനി – ഓർക്കോട്ട്മൂല റോഡിൽ സ്വകാര്യ വ്യക്തിയുടെ വീട്ടിലേക്കുള്ള വഴിയിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കലുങ്ക് പണിയുന്നതായുള്ള പരാതി –വിജിലൻസ് അന്വേഷണം–ശ്രീ. വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർക്കെ തിരെയുള്ള അച്ചടക്ക നടപടി – ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

G.O.(Rt)No.108/2020/LSGD തീയതി,തിരുവനന്തപുരം, 13/01/2020

---

പരാമർശം:–
1 വിജിലൻസ് വകുപ്പിന്റെ 02.12.2016 തീയതിയിലെ 12827/D2/2016/Vig – നമ്പർ കത്ത്.
2 വിജിലൻസ് ഡയറക്ടറുടെ 14.11.2016 തീയതിയിലെ E 13 – 27265/16/WYD/LSGD – നമ്പർ കത്ത്.
3 08.01.2019 – ലെ LSGD-EW2/90/2017-LSGD നമ്പർ കുറ്റപത്രം/ കുറ്റാരോപണ പത്രിക.
4 08.03.2019 തീയതിയിൽ ശ്രീ. വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രിക.
5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2019 – ലെ ഇ20/1188/19/സി.ഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

പനമരം ഗ്രാമപഞ്ചായത്തിലെ അമ്മാനി – ഓർക്കോട്ട്മൂല റോഡിൽ സ്വകാര്യ വ്യക്തിയുടെ വീട്ടിലേക്കുള്ള വഴിയിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കലുങ്ക് പണിയുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ വയനാട് യൂണിറ്റ് അന്വേഷണം നടത്തി റിപ്പോർട്ട് വിജിലൻസ് വകുപ്പ് മുഖേന സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശുപാർശകൾ നടപ്പിലാക്കുന്നതിലേക്കായി വിജിലൻസ് വകുപ്പ് പരാമർശം 1

പ്രകാരം റിപ്പോർട്ട് ഈ വകുപ്പിന് ലഭ്യമാക്കുകയുമുണ്ടായി.

2. പരാമർശം 2 പ്രകാരമുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിൽ താഴെപ്പറയുന്ന വസ്തുതകൾ വെളിവായിട്ടുണ്ട്.

പനമരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ എസ് 0349/16 ആയി 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ ആറാം വാർഡിൽ അമ്മാനി-ഓർക്കാട്ടുമൂല റോഡിൽ 2 കലുങ്കുകൾ പണിയുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിരുന്നതായും ആയതിന് 18.02.2011 തീയതി പുത്തൻപുരയിൽ സുകുമാരൻ കൺവീനറായും, എ. ജി. തോമസ് ചെയർമാനായും ഉള്ള ഉപഭോക്തൃ കമ്മറ്റിയുമായി എഗ്രിമെന്റ് വച്ചിരിക്കുന്നതായും കാണുന്നുണ്ട്. പദ്ധതിക്ക് എൽ.എസ്.ജി.ഡി പനമരം സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയിട്ടുള്ളതായും പഞ്ചായത്ത് വാർഡ്തല ഗ്രാമസഭയിൽ അവതരിപ്പിച്ച് ക്രമ പ്രകാരമാണ് പ്രവൃത്തി അനുവദിച്ച് നൽകിയിട്ടുള്ളത് എന്നും കണ്ടെത്തിയിട്ടുണ്ട്.

പ്രസ്തുത പരാതി അന്വേഷിച്ചതിൽ പുത്തൻപുരയിൽ ഭാസ്കരൻ, പുത്തൻപുരയിൽ സുകുമാരൻ, പുത്തൻപുരയിൽ ഷൈലൻ എന്നീ സഹോദരൻമാരുടെ വീടുകളിലേക്ക് മാത്രമായിട്ടുള്ള വയലിലൂടെ കാണുന്ന പഴയ നടപ്പാതയിലാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പറയും പ്രകാരം 2 കലുങ്കുകളും നിർമ്മിച്ചിട്ടുള്ളത് എന്നും ഇവർക്കല്ലാതെ മറ്റാർക്കും ഈ റോഡ് ഉപകരിക്കുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. പൊതുജനതാല്പര്യമോ ലക്ഷ്യമോ ഇല്ലാതെ പക്ഷപാതപരമായി പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പ്രവൃത്തി അവതരിപ്പിച്ച് നേടിയെടുത്ത അന്നത്തെ 6-ാം വാർഡ് മെമ്പർ ശ്രീ. കെ. സി. ജെയിംസും പ്രോജക്ടിന്റെ ഉപയുക്തത വിലയിരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയ പനമരം LSGD അസിസ്റ്റന്റ് എഞ്ചിനീയറും അർഹതയില്ലാതെ ഗുണം സ്വീകരിക്കുന്നതിന് പ്രവൃത്തിയുടെ കൺവീനറായി നിന്ന ശ്രീ. പുത്തൻപുരയിൽ സുകുമാരനും ക്രമരഹിതമായി പ്രവർത്തിച്ചതായി കാണുന്നു. പ്രവൃത്തി പൂർണ്ണമായി പൂർത്തീകരിക്കുകയോ, അളവെടുക്കുകയോ, പണം നൽകുകയോ ചെയ്തിട്ടില്ല.

3. പനമരം ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ ശ്രീ. വിപിൻകൃഷ്ണക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പ്രവൃത്തിയുടെ ഗുണഭോക്താക്കളിൽ നിന്നും പദ്ധതിക്ക് ചെലവായ തുക തിരിച്ചുപിടിക്കുന്നതിനുമാണ് വിജിലൻസ് ശുപാർശ ചെയ്തിരിക്കുന്നത്.

4. ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. വിപിൻകൃഷ്ണ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഈ വകുപ്പിൽ നിന്നും പരാമർശം 3 പ്രകാരം 1960 -ലെ കേരള സിവിൽ സർവീസസ് (CC &A) റൂൾ 16 അനുസരിച്ച് കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയുണ്ടായി.

5. ആയതിന് ടിയാൻ പരാമർശം 4 പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അമ്മാനി ഓർക്കാട്ടുമൂല റോഡ് കലുങ്ക് നിർമ്മാണം എന്ന പ്രോജക്ട് പനമരം പഞ്ചായത്തിലെ 6-ാം വാർഡ് ഗ്രാമസഭയിൽ അംഗീകരിക്കുകയും പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച ചെയ്യുകയും പൊതുതാല്പര്യം കണക്കിലെടുത്ത് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച പദ്ധതിയുടെ പ്രോജക്ട് ലിസ്റ്റ്, പ്രോജക്ട് രൂപരേഖ തയ്യാറാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ തനിക്ക് നൽകിയപ്പോൾ പ്രോജക്ടുകളുടെയെല്ലാം ആസ്തി വിവരങ്ങൾ പഞ്ചായത്ത് ഭരണസമിതി/സെക്രട്ടറി ഉറപ്പുവരുത്തിയിട്ടുണ്ട് എന്നുള്ള വിശ്വാസത്തിൽ പ്രോജക്ട് തയ്യാറാക്കി DPC അംഗീകാരം ലഭിച്ചതിനു ശേഷം പനമരം പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ടി പ്രോജക്ടിനു rate പരിശോധിച്ച് estimate തയ്യാറാക്കുകയും ചെയ്തു. ടി എസ്റ്റിമേറ്റിന് പനമരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകുകയും വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി വിളിക്കുകയും എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ആയതിൽ പുത്തൻപുരയിൽ പി. കെ. സുകുമാരനെ കമ്മിറ്റി കൺവീനറായി തിരഞ്ഞെടുക്കുകയും ടി beneficiary കമ്മിറ്റിയെ പനമരം പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിനു ശേഷം കൺവീനറും ചെയർമാനും അസിസ്റ്റന്റ് എഞ്ചിനീയറുമായി ഉടമ്പടിയിൽ (നമ്പർ-AE/21/16-17 dated 18/2/2016) ഏർപ്പെടുകയും ചെയ്തു.

മേൽ പറഞ്ഞ മുഴുവൻ നടപടിക്രമങ്ങളും പാലിച്ച് ആരംഭിച്ച പ്രവൃത്തിയുടെ പ്രാഥമികഘട്ടത്തിൽ തന്നെ ടി വസ്തു സ്വകാര്യ വ്യക്തിയുടെതാണെന്ന് അറിയുകയും പ്രവൃത്തി നിർത്തി വയ്ക്കുകയും ലാൻഡ് റിലിങ്ക്വിഷ്മെന്റ് ഫോം വസ്തു ഉടമയിൽ നിന്നും എഴുതി മേടിച്ച് രേഖാമൂലം വസ്തു പനമരം പഞ്ചായത്തിന്റെ ആസ്തിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിക്കുകയും ചെയ്തു. ടി വസ്തുവിന്റെ തണ്ടപ്പേർ പനമരം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആയതിനു ശേഷമാണ് പ്രവൃത്തി വീണ്ടും ആരംഭിക്കുകയും തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതെന്ന് ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

5. പഞ്ചായത്തിന്റെ ആസ്തിയിൽ ഇല്ലാത്ത സ്ഥലത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ജാഗ്രത കുറവ് ഉണ്ടായിട്ടുണ്ട് എന്ന് പരാമർശം 5 പ്രകാരമുള്ള റിപ്പോർട്ടിൽ ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

6. ശ്രീ. വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രതിവാദ പത്രിക, ആയതിന്മേൽ ചീഫ് എൻജിനീയറുടെ അഭിപ്രായം എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ആസ്തിയിൽ ഇല്ലാത്ത സ്ഥലത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ജാഗ്രത കുറവ് സംഭവിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. ആകയാൽ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരെ സ്വീകരിച്ചുവന്ന അച്ചടക്കനടപടി തീർപ്പാക്കുന്നതിനുള്ള താത്കാലികതീരുമാനം ഈ വകുപ്പ് കൈക്കൊള്ളുകയും അതിന്മേൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം തേടുകയുമുണ്ടായി. ഈ വകുപ്പിന്റെ താത്കാലിക തീരുമാനത്തോട് വിജിലൻസ് വകുപ്പ് യോജിപ്പ് അറിയിച്ചിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ ശ്രീ. വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ ഈ വകുപ്പിൽ സ്വീകരിച്ചുവന്ന അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്

1. ശ്രീ. വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ.ചീഫ് എഞ്ചിനീയർ മുഖാന്തിരം).
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, പനമരം ഗ്രാമപഞ്ചായത്ത്, വയനാട്.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള.
5. തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

6. വിജിലൻസ് (ഡി) വകുപ്പ് (Vig-D2/543/2019-Vig)

7. തദ്ദേശ സ്വയം ഭരണ (ഇ.എം) വകുപ്പ് (EM2/189/17/LSGD).

8. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം.8
9. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SREEKANTH G
Date: 2020.01.14 11:25:55 IST
Reason: Approved

സെക്ഷൻ ഓഫീസർ